# ബുദ്ധ-ജൈന മതങ്ങൾ കേരളത്തിൽ



മാവേലിക്കരയിലെ ബുദ്ധക്ഷേത്രം

സംഘകാല കൃതികളായ മണിമേഖലയിൽ ബുദ്ധമത സ്വാധീനവും ചിലപ്പതികാരത്തിൽ ജൈന മതത്തിന്റെ സ്വാധീനവുമുണ്ട്.

കേരളത്തിലെ ചേര രാജാക്കന്മാർ ബുദ്ധമതത്തെ വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നു. 7-ാം നൂറ്റാണ്ടിൽ മഹായാന ബുദ്ധമതക്കാർ കേരളത്തിലെത്തി വിഹാരങ്ങൾ സ്ഥാപിച്ചു. കേരളത്തിലെ ചില സ്ഥലനാമങ്ങൾ, ശില്പകല, വിദ്യാഭ്യാസം, ഭാഷ, ഉത്സവങ്ങൾ, ആചാരങ്ങൾ എന്നിവയിൽ ബുദ്ധമതത്തിന്റെ സംസ്കാര ചിഹ്നങ്ങളുണ്ട്. ബുദ്ധമത സന്ദേശം കേരളത്തിൽ ബ്രാഹ്മണരെയും അധഃകൃതരെയും ഒരുപോലെ ആകർഷിച്ചിരുന്നു. നരബലിക്കും ജന്തുബലിക്കും മറ്റ് അനാചാരങ്ങൾക്കുമെതിരെയുള്ള ബുദ്ധസന്യാസിമാരുടെ നിലപാടുകൾക്ക് നല്ല അംഗീകാരം ലഭിച്ചതായി കാണാം. ബൗദ്ധ പണ്ഡിതനായ വാഗ്ഭടന്റെ അഷ്ടാംഗഹൃദയം ആയുർവേദ ഗ്രന്ഥം കേരളത്തിൽ പ്രചാരത്തിലുണ്ട്. അമരസിംഹന്റെ അമരകോശം സംസ്കൃത പഠനത്തിന് ഉപയോഗിക്കുന്നു. ആറാട്ട്, കുതിരകെട്ട്, ശരണമന്ത്രം എന്നിവയും ബുദ്ധമത ബന്ധങ്ങൾ ആണ്. ആലപ്പുഴ ജില്ലയിലെ കരുമാടി, തൃശൂരിലെ കൊടുങ്ങല്ലൂർ, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി എന്നിവിടങ്ങളിലും ബുദ്ധമത സ്വാധീനം തെളിഞ്ഞുകാണാം. തൃശൂരിലെ പരുവശേരി ദുർഗാക്ഷേത്രത്തിൽ നിന്നും ധ്യാനനിരതനായ ബുദ്ധവിഗ്രഹവും കണ്ടെടുത്തിട്ടുണ്ട്. കുന്നത്തൂർ, കരുനാഗപ്പള്ളി, മാവേലിക്കര, അമ്പലപ്പുഴ താലൂക്കുകളിൽ നിന്നും അനേകം ബുദ്ധവിഗ്രഹങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.

ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രശസ്തിയാർജിച്ച ബുദ്ധ ചൈത്യം വഞ്ചിയിലായിരുന്നു. ഈ വഞ്ചി കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളമാണെന്ന വാദമുണ്ട്. കിളിരൂർ, കുട്ടംപേരൂർ, കൊടുങ്ങല്ലൂർ, ശബരിമല, അർത്തുങ്കൽ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ ക്ഷേത്രങ്ങൾ ഒരുകാലത്ത് ബുദ്ധക്ഷേത്രങ്ങളായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. തൃശൂരിലെ പരുവശേരി ദുർഗാക്ഷേത്രത്തിൽ നിന്നും ധ്യാനനിരതനായ ബുദ്ധവിഗ്രഹവും കണ്ടെടുത്തിട്ടുണ്ട്. കുന്നത്തൂർ, കരുനാഗപ്പള്ളി, മാവേലിക്കര, അമ്പലപ്പുഴ താലൂക്കുകളിൽ നിന്നും അനേകം ബുദ്ധവിഗ്രഹങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.

കേരളത്തിലെ ആദ്യത്തെ ബുദ്ധ വിഹാരം ചേര രാജാവ് ഇമയവരമ്പന്റെ കാലത്ത് കൊടുങ്ങല്ലൂരിലാണ് സ്ഥാപിച്ചതെന്ന് 'മണിമേഖല'യിൽ പരാമർശമുണ്ട്.

ജൈനമതത്തിന് കേരളത്തിലാകമാനം ക്ഷേത്രങ്ങളും വിശ്വാസികളും ഉണ്ടായിരുന്നു. പെരുമ്പാവൂരിനടുത്തുള്ള കല്ലിൽ മഹാക്ഷേത്രം, പാലക്കാട്ടെ ജൈനമേട്, കോഴിക്കോട്ടെ തിരുവണ്ണൂർ ക്ഷേത്രം, ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യക്ഷേത്രം, തിരുവിതാംകൂറിലെ കുഴിത്തറയ്ക്കടുത്തുള്ള തിരുച്ചാരണ ക്ഷേത്രം എന്നിവ ജൈന മത സ്വാധീനത്തിന്റെ തെളിവുകളാണ്.

പാലക്കാട് ജില്ലയിൽ ഒലവക്കോടാണ് പ്രസിദ്ധമായ ജൈനമേട് ജൈന ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിനു ചുറ്റുമുള്ള ഭൂവിഭാഗത്തിനെ ജൈനമേട് എന്നാണ് വിളിക്കുന്നത്. ഇവിടെയുള്ള ഒരു ജൈന ഭവനത്തിൽ ശ്രീനാരായണ ഗുരുവുമൊത്ത് താമസിച്ചിരുന്ന സമയത്താണ് കുമാരനാശാൻ പ്രസിദ്ധമായ 'വീണപൂവ്' എഴുതിയത്.

**1528**
സാമൂതിരിയുടെ നാവിക സേനാധിപൻ കുട്ടി ആലി തടവുകാരനാക്കപ്പെട്ടു. പോർച്ചുഗീസുകാർ പുറക്കാടിനെ തോല്പിച്ചു.
**1531**
കുട്ടി ആലി മരയ്ക്കാർ വധിക്കപ്പെട്ടു.
**1532**
വേണാട് രാജാവായ വീര ഉദയമാർത്താണ്ഡനും വിജയ നഗര രാജാവായ അച്ചുതരായരും താമ്രപർണീ നദീതീരത്ത് ഏറ്റുമുട്ടി. വേണാടിന് പരാജയം, വിജയ നഗരത്തിന്റെ സാമന്ത പദവി.
**1538**
മരയ്ക്കാർമാരുമായി പോർച്ചുഗീസുകാർ യുദ്ധത്തിൽ.

## ബാർബോസ

ലിസ്ബൺകാരനായ ബാർബോസ പോർട്ടുഗീസ് പാണ്ടിക ശാലയിലെ എഴുത്തുകാരനായിരുന്നു.

1510-ൽ ലിവ്റോ എന്ന കൃതിയുടെ രചന ആരംഭിച്ചു. മലയാളികളെ സംബന്ധിച്ച് പല ശ്രദ്ധേയ കാര്യങ്ങളും ബാർബോസയുടെ പുസ്തകത്തിലുണ്ട്.

## സാമൂതിരി




ഏകദേശം 750 വർഷക്കാലം കേരളത്തിലെ കോഴിക്കോട് ഉൾപ്പെടുന്ന മലബാർ ഭരിച്ചിരുന്ന ഭരണാധികാരികളുടെ സ്ഥാനപ്പേരാണ് സാമൂതിരി. ഇംഗ്ലീഷിൽ സമോറിൻ (Zamorin) എന്നാണ്. ഇവരുടെ സാമ്രാജ്യത്തെ നെടിയിരുപ്പ് സ്വരൂപം എന്നുപറയുന്നു. സാമൂതിരിയെ ആദ്യം ഏറാടിമാർ എന്നാണ് പറഞ്ഞിരുന്നത്. ഏറനാടിന്റെ ഉടയവർ എന്നാണ് അതിനർത്ഥം. ഏകദേശം എ.ഡി. 346-ലാണ് സാമൂതിരിമാരുടെ ഭരണം തുടങ്ങിയതെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പോർട്ടുഗീസുകാർ വാസ്കോ ഡി ഗാമയുടെ നേതൃത്വത്തിൽ കേരളത്തിൽ എത്തിച്ചേർന്നത് മാനവിക്രമൻ സാമൂതിരിയുടെ കാലത്താണ്.

കോഴിക്കോട്ടെ രാജാവായ സാമൂതിരിയെക്കുറിച്ചുള്ള ആദ്യപരാമർശം ഇബ്ൻ ബത്തൂത്തയുടെ വിവരണങ്ങളിലാണ് കാണുന്നത്. സർവാധികാര്യക്കാർ എന്ന പേരിലുള്ള നാലു പ്രധാനമന്ത്രിമാരും കാര്യക്കാർ എന്ന പേരിലുള്ള മന്ത്രിമാരും ഭരണകാര്യത്തിൽ ചക്രവർത്തിയെ സഹായിച്ചിരുന്നു. മങ്ങാട്ടച്ചനായിരുന്നു പ്രധാനമന്ത്രിമാരിൽ പ്രമുഖൻ. അറബികളും ചീനക്കാരും കോഴിക്കോട്ടു സാമൂതിരിയുമായി നല്ല ബന്ധത്തിലായിരുന്നു. വള്ളുവക്കോനാതിരിയെ കീഴടക്കി മാമാങ്കത്തിനുള്ള അവകാശം സാമൂതിരി കൈവശപ്പെടുത്തി. 'പതിനെട്ടര ക്കവി' കളെന്നു പ്രസിദ്ധരായവർ, രേവതി പട്ടത്താനം എന്ന വിദ്വൽ പരീക്ഷ എന്നിവ സാമൂതിരിയുടെ കാലഘട്ടത്തിലെ ശ്രദ്ധേയ കാര്യങ്ങളാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം (ഏകദേശം 750 വർഷം) ഒരു ഭൂവിഭാഗം ഭരിച്ചത് സാമൂതിരിമാരാണ്.

### സ്വരൂപങ്ങളും ആസ്ഥാനങ്ങളും

| | |
|---|---|
| നെടിയിരുപ്പ് സ്വരൂപം | കോഴിക്കോട് |
| പെരുമ്പടപ്പ് സ്വരൂപം | കൊച്ചി |
| ഇളയിടത്ത് സ്വരൂപം | കൊട്ടാരക്കര |
| തൃപ്പാപ്പൂർ സ്വരൂപം | തിരുവിതാംകോട് |
| എളങ്ങല്ലൂർ സ്വരൂപം | ഇടപ്പള്ളി |
| പടിഞ്ഞാറ്റേടത്ത് സ്വരൂപം | കൊടുങ്ങല്ലൂർ |
| ആറങ്ങോട്ടു സ്വരൂപം | വള്ളുവനാട് |
| തരൂർ | പാലക്കാട് |
| താന്നൂർ | വെട്ടത്തുനാട് |

## മാമാങ്കം

മലപ്പുറം ജില്ലയിൽ തിരുനാവായിൽ ഭാരതപ്പുഴയുടെ തീരത്തുവച്ച് 12 വർഷത്തിലൊരിക്കൽ ആഘോഷിച്ചിരുന്ന ഉത്സവമാണ് മാഘമകം എന്ന മാമാങ്കം.

തിരുനാവായിലെ വള്ളുവക്കോനാതിരിയുടെ അധീനതയിലായിരുന്നു മാമാങ്കം ആദ്യം നടത്തിയിരുന്നത്. വള്ളുവക്കോനാതിരിയിൽ നിന്ന് ഇത് പിടിച്ചെടുക്കാൻ സാമൂതിരി പലപ്പോഴും ശ്രമങ്ങൾ നടത്തിയിരുന്നു. ഒടുവിൽ വള്ളുവക്കോനാതിരിയെ തോല്പിച്ച് സാമൂതിരി മാമാങ്കത്തിന്റെ രക്ഷാപുരുഷസ്ഥാനം ഏറ്റെടുത്തു.

മാമാങ്കത്തിന്റെ രക്ഷാധികാരിയാകുന്നത് ആഭിജാത്യമുള്ള പദവിയായിരുന്നു. അതിനായി സാമൂതിരിയെ വധിച്ച് അധികാരം വീണ്ടെടുക്കാൻ ചാവേർപ്പടകളെ എല്ലാ മാമാങ്കത്തിനും വള്ളുവനാട് രാജാവ് അയച്ചിരുന്നു. അങ്ങനെ ധാരാളം പടയാളികൾ പടവെട്ടി മരിച്ചിരുന്നതായും രേഖകൾ പറയുന്നു. വെള്ളാട്ടിരിയെന്ന് അറിയപ്പെട്ടിരുന്ന വള്ളുവക്കോനാതിരി നാടുവാഴികളായ നായർ കുടുംബങ്ങളെയാണ് ചാവേർപ്പടയെ നയിക്കാൻ ഏർപ്പെടുത്തിയിരുന്നത്. ഇവരുടെ കീഴിൽ ഈഴവരും മുസ്ലീങ്ങളുമായ ചേകവരും അണിനിരന്നിരുന്നു. മാമാങ്കത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ചരിത്രകാരന്മാർ ഭിന്നാഭിപ്രായങ്ങളാണ് പറയുന്നത്. ആദ്യം ചേരരാജാക്കന്മാരും തുടർന്ന് പെരുമ്പടപ്പ് മൂപ്പിന്നും പിന്നീട് കോലത്തിരിമാരും ഒടുവിൽ സാമൂതിരിമാരും ആണ് മാമാങ്കം നടത്തിയിരുന്നത്. നാനൂറിലധികം വർഷങ്ങളായി സാമൂതിരിമാരാണ് ഉത്സവത്തിന് നേതൃത്വം നൽകിയിരുന്നത്. 28 ദിവസം നീളുന്ന ആഘോഷമാണ് മാമാങ്കം. ഇതിനോടനുബന്ധിച്ച് പ്രദർശനങ്ങൾ, വാണിജ്യമേളകൾ, കായികമേളകൾ എന്നിവ സംഘടിപ്പിച്ചിരുന്നു.

അവസാനത്തെ മാമാങ്കം 1776-ലാണ് നടന്നത്. ഉത്സവത്തിനുള്ള ഒരുക്കങ്ങൾ നടക്കുമ്പോൾ ഹൈദരാലി മലബാർ ആക്രമിച്ചു കീഴടക്കിയതോടെ സാമൂതിരിക്കും കോനാതിരിക്കും ഒരുപോലെ അധികാരം നഷ്ടപ്പെട്ടു. അതോടെ മാമാങ്കവും അവസാനിച്ചു.

ചാവേറുകളുടെ ജഡങ്ങൾ ഇട്ടിരുന്ന മണിക്കിണർ, നിലപാടുതറ, മരുന്നറ, ചാവേർ പോരാളികളെ പട്ടിണിക്കിട്ട് വധിച്ചിരുന്ന പട്ടിണിത്തറ തുടങ്ങിയവ ഇന്നും കാണാൻ കഴിയും. സാമൂതിരിയുടെ പരിക്കേറ്റ ഭടന്മാരെ ചികിത്സിച്ചിരുന്ന ചങ്ങമ്പള്ളിക്കളരിയും തിരുനാവായിലുണ്ട്.

തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന് മുന്നിലായി ചാവേർ പോരാളികളെ യാത്രയാക്കുന്നതിനുള്ള ചാവേർത്തറയും നിലനിൽ ക്കുന്നുണ്ട്. മാമാങ്കത്തറയ്ക്കും മണിക്കിണറിനുമിടയ്ക്ക് ഒരു തുരങ്കം 1990-ൽ കണ്ടെത്തിയിരുന്നു. ചാവേർ ആക്രമണത്തിനിടയിൽ സാമൂതിരിക്ക് രക്ഷപ്പെടാനുള്ള തുരങ്കമാണിതെന്ന് അനുമാനിക്കപ്പെടുന്നു.

### രേവതി പട്ടത്താനം

സാമൂതിരിമാരുടെ ഭരണകാലത്ത് കോഴിക്കോട് തളിയൽ ക്ഷേത്രത്തിൽ നടത്തിയിരുന്ന പണ്ഡിത മത്സരപരീക്ഷയാണ് രേവതി പട്ടത്താനം. തുലാം മാസത്തിൽ രേവതിനാളു മുതൽ തിരുവാതിര വരെയാണ് ഏഴു ദിവസം നീണ്ടുനിൽക്കുന്ന ഈ പരീക്ഷ. മീമാംസ, വ്യാകരണം, വേദാന്തം എന്നീ വിഷയങ്ങളിലായിരുന്നു ചർച്ച. ജേതാക്കൾക്ക് ഭട്ടസ്ഥാനം അല്ലെങ്കിൽ പട്ടത്താനം നൽകും. മേല്പത്തൂർ നാരായണഭട്ടതിരി ഭട്ടസ്ഥാനം നേടിയിട്ടുണ്ട്. പരീക്ഷയിൽ കാക്കശ്ശേരി ഭട്ടതിരി ഉദ്ദണ്ഡനെ തോൽപ്പിച്ച കഥ പ്രസിദ്ധമാണ്. ടിപ്പുവിന്റെ ആക്രമണം നടക്കുന്നതു വരെ രേവതി പട്ടത്താനം തുടർച്ചയായി നടന്നിരുന്നു. പതിനെട്ടരക്കവികളുടെ സാന്നിധ്യം രേവതി പട്ടത്താനത്തെ വളരെയേറെ പ്രശസ്തമാക്കി.

**1540**

പോർച്ചുഗീസുകാർ സാമൂതിരിയുമായി പൊന്നാനി സന്ധി (ജനുവരി ഒന്ന്).

**1541**

ഈശോ സഭക്കാർ കൊടുങ്ങല്ലൂരിൽ സെമിനാരി സ്ഥാപിച്ചു.

**1550**

വടക്കുംകൂറുമായുള്ള യുദ്ധത്തിൽ പോർച്ചുഗീസുകാർ പരാജയപ്പെട്ടു.

**1551**

പോർച്ചുഗീസുകാർ കോഴിക്കോടുമായി യുദ്ധം.

**1555**

പോർച്ചുഗീസുകാർ മട്ടാഞ്ചേരി കൊട്ടാരം പണിത് കൊച്ചി രാജാവ് വീരകേരള വർമ്മയ്ക്ക് നൽകി.

**1558**

രാമരായ വിഠലയുടെ വിജയനഗര സേന വേണാടിനെ ആക്രമിച്ചു. വിഠലയെ വധിച്ച് വേണാട് രാജാവ് ഉണ്ണി കേരളവർമ്മ വിജയിച്ചു.

**1564**

കണ്ണൂർകോട്ട ആക്രമിച്ച സാമൂതിരിയും കോലത്തിരിയും പോർച്ചുഗീസ് കപ്പലുകൾ നശിപ്പിച്ചു.

**1567**

മട്ടാഞ്ചേരിയിൽ ജൂതപ്പള്ളി പണിതു.

**1569**

കുഞ്ഞാലി മരയ്ക്കാർ പോർച്ചുഗീസ് സേനയെ തോല്പിച്ചു.

**1571**

ചാലിയത്ത് പോർച്ചുഗീസ് കോട്ട സാമൂതിരി സ്ഥാപിച്ചു.

**1572**

പോർച്ചുഗീസ് സേന പരപ്പനങ്ങാടി കൊള്ളയടിച്ചു.

## പതിനെട്ടരക്കവികൾ

കോഴിക്കോട് സാമൂതിരിയായിരുന്ന മാനവിക്രമന്റെ രാജസദസ്സിൽ ഉണ്ടായിരുന്ന കവികളെയാണ് പതിനെട്ടരക്കവികൾ എന്ന് പറയുന്നത്. ഇതിൽ 18 പേർ സംസ്കൃത കവികളായിരുന്നുവെന്നും പുനം നമ്പൂതിരി മലയാളത്തിൽ മാത്രം കവിതയെഴുതിയതു കൊണ്ടാണ് അരക്കവിയായതെന്നും പറയാറുണ്ട്. അരക്കവിയല്ല, 'അരചകവി എന്ന് പതിനെട്ട് പേരെ വിശേഷിപ്പിച്ചതാണെന്ന് മറ്റൊരു വ്യാഖ്യാനവുമുണ്ട്.

പയ്യന്നൂർ ഭട്ടതിരിമാർ, 'കോകില സന്ദേശ'ത്തിന്റെ കർത്താവായ ഉദ്ദണ്ഡ ശാസ്ത്രികൾ, 'വസുമതീ മാനവിക്രമം' എഴുതിയ കാക്കശ്ശേരി ഭട്ടതിരി, 'തന്ത്രസമുച്ചയ'ത്തിന്റെ കർത്താവായ ചേന്നാസ് നാരായണ ഭട്ടതിരി, തിരുവേഗപ്പുറ, മുല്ലപ്പള്ളി ഭട്ടതിരിമാർ, രാമായണ ചമ്പുവിന്റെ കർത്താവായ പുനം നമ്പൂതിരി എന്നിവരെല്ലാം ചേർന്നതാണ് പതിനെട്ടരക്കവികൾ. രേവതി പട്ടത്താനത്തോട് അനുബന്ധിച്ചുള്ള ചർച്ചകളിൽ പതിനെട്ടരക്കവികൾ പങ്കെടുത്തിരുന്നു.

## കോലത്തിരി

എ.ഡി. 1102-ൽ കുലശേഖര സാമ്രാജ്യം ശിഥിലമായപ്പോൾ സ്വതന്ത്രമായ അനേകം ചെറുരാജ്യങ്ങൾ ഉയർന്നുവന്നിരുന്നു. വേണാട്, കോലത്തുനാട്, കൊച്ചി, കോഴിക്കോട് എന്നിവയാണ് അതിൽ പ്രധാനപ്പെട്ടത്. വടക്കേ മലബാറാണ് കോലത്തുനാടിന്റെ ആസ്ഥാനം. സംഘകാലത്ത് ഏഴിമല കേന്ദ്രമാക്കി ഭരിച്ചിരുന്ന മൂഷിക വംശത്തിൽ നിന്നാണ് കോലത്തിരിമാരുടെ ആവിർഭാവം. ഏഴിമലയിലെ നന്നനെക്കുറിച്ച് സംഘം കൃതികളിൽ പരാമർശിക്കുന്നുണ്ട്.

ചിറയ്ക്കൽ, കാസർകോട് ഭാഗങ്ങൾ മൂഷിക വംശത്തിന്റെ കീഴിലായിരുന്നു. മൂഷിക രാജ്യചരിത്രം ഇതിവൃത്തമാക്കി ശ്രീകണ്ഠ രാജാവിന്റെ സദസ്യനായിരുന്ന അതുലൻ രചിച്ച സംസ്കൃതകാവ്യമാണ് 'മൂഷിക വംശം'.

മൂഷിക രാജാക്കന്മാരുടെ പിന്തുടർച്ചയായി 14-ാം നൂറ്റാണ്ടിൽ കോലത്തിരിമാർ ഉത്തരകേരളത്തിൽ ഭരണമേറ്റു.

മാർക്കോ പോളോയുടെ സഞ്ചാര വിവരണങ്ങളിൽ കോലത്തിരിമാരെ പറ്റി എഴുതിയിട്ടുണ്ട്. 16-ാം ശതകത്തോടെ കോലത്തുനാട് സാമൂതിരിയുടെ അധീനതയിലായി. കോലത്തുനാട് വടക്ക് നേത്രാവതി നദി മുതൽ തെക്ക് കോരപ്പുഴ വരെയും കിഴക്ക് കുടകു മല തൊട്ട് പടിഞ്ഞാറ് അറബിക്കടൽ വരെയും വ്യാപിച്ചിരുന്നു. കുമ്പളം, നീലേശ്വരം, കോട്ടയം, കടത്തനാട് എന്നിവ കോലത്തുനാട്ടിൽ ചേർന്നു.

14-ാം നൂറ്റാണ്ടിൽ കോലത്തുനാട് വാണ പ്രസിദ്ധ രാജാവാണ് രാഘവൻ.

കൃഷ്ണഗാഥ രചിച്ച ചെറുശ്ശേരി ഉദയവർമ്മ കോലത്തിരിയുടെ കൊട്ടാരം കവിയായിരുന്നു.

# കൊച്ചി രാജകുടുംബം

പെരുമ്പടപ്പ് സ്വരൂപമെന്നാണ് കൊച്ചി രാജ്യം ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്. പെരുമ്പടപ്പ് ഗ്രാമത്തിലുള്ള ചിത്രകൂടം ആസ്ഥാനമായിരുന്നു 13-ാം നൂറ്റാണ്ട് വരെ കൊച്ചിയുടെ ആദ്യകാല ആസ്ഥാനമായിരുന്നത്.

സാമൂതിരി വള്ളുവനാട് ആക്രമിച്ചപ്പോൾ പെരുമ്പടപ്പ് സ്വരൂപം ആസ്ഥാനം തിരുവഞ്ചിക്കുളത്തേക്കു മാറ്റി. സാമൂതിരി തൃക്കണ്ണാമതിലകം പിടിച്ചതോടുകൂടി ആസ്ഥാനം കൊച്ചിയിലേക്ക് മാറ്റുകയാണുണ്ടായത്.

കൊച്ചി രാജ്യത്തിൽ ഉൾപ്പെട്ട തൃപ്പൂണിത്തുറയായിരുന്നു കൊടുങ്ങല്ലൂർ കഴിഞ്ഞാൽ അടുത്ത തുറമുഖമായി കണക്കാക്കപ്പെട്ടിരുന്നത്. ക്രിസ്തുവിന് മുമ്പ് കൊച്ചി ഇല്ലായിരുന്നുവെന്നും പിന്നീട് കടലിൽ നിന്ന് ഉയർന്നുവന്നതാണെന്നതിനും നിരവധി തെളിവുകളുണ്ട്. 1342-ൽ പെരിയാറിലുണ്ടായ വെള്ളപ്പൊക്കം മുസിരീസിന്റെ പ്രാധാന്യം ഇല്ലാതാക്കുകയും കൊച്ചി തുറമുഖം പ്രധാന തുറമുഖമായി മാറുകയും ചെയ്തു. കൊച്ചിയെപ്പറ്റി ആദ്യമായി വിവരിക്കുന്നത് ചൈനീസ് സഞ്ചാരിയായ മാഹ്വാനാണ്. നിക്കോളോ കോണ്ടിയും കൊച്ചിയെപ്പറ്റി പരാമർശിക്കുന്നുണ്ട്.

രാമവർമ്മ കുലശേഖരന്റെ സഹോദരീപുത്രനാണ് കൊച്ചിരാജ്യം സ്ഥാപിച്ചതെന്ന് ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായങ്ങളുണ്ട്. 14-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണിയാടി ചരിതം, ശിവവിലാസം തുടങ്ങിയ കൃതികളിൽ കൊച്ചി രാജ്യത്തെക്കുറിച്ച് പരാമർശങ്ങളുണ്ട്.

കുലശേഖര സാമ്രാജ്യം ശിഥിലമായതോടെ കൊച്ചി സ്വതന്ത്ര പദവിയിലേക്ക് മാറി. 1500-ൽ പോർട്ടുഗീസുകാരനായ അഡ്മിറൽ കബ്രാൽ കൊച്ചിയിലെത്തുകയും 1503-ഓടെ കൊച്ചി കീഴടക്കുകയും ചെയ്തു. പിന്നീട് 1665-ൽ ഡച്ചുകാർ പോർട്ടുഗീസുകാരെ തോൽപ്പിച്ച് കൊച്ചി കൈവശമാക്കുകയാണുണ്ടായത്. 1762-ൽ കൊച്ചി രാജാവ് തിരുവിതാംകൂർ രാജാവുമായി ശുചീന്ദ്രം ഉടമ്പടിയിൽ ഒപ്പുവച്ചു. സാമൂതിരിക്കെതിരായ യുദ്ധത്തിൽ തിരുവിതാംകൂർ, കൊച്ചിയെ സഹായിക്കുന്നതാണ് ഉടമ്പടി. 1814-ലെ ആംഗ്ലോ-ഡച്ച് ഉടമ്പടി പ്രകാരം കൊച്ചി ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായി.

'രാജാധിരാജാ വീര കേരള ചക്രവർത്തി' എന്നാണ് കൊച്ചി രാജാവിനെ പരാമർശിക്കുന്നത്. വംശസ്ഥാപകനായ ഇദ്ദേഹത്തിന്റെ പേര് ചേർത്ത് കൊച്ചി രാജാക്കന്മാരെ വീരകേരളനെന്ന് അറിയപ്പെട്ടിരുന്നു. ശക്തൻതമ്പുരാന്റെ കാലത്താണ് കൊച്ചിയുടെ അഭ്യുദയം ആരംഭിച്ചത്. രാമവർമ്മ എന്നാണ് പേരെങ്കിലും അദ്ദേഹം പരക്കെ അറിയപ്പെടുന്നത് ശക്തൻതമ്പുരാൻ എന്ന പേരിലാണ്. ഭരണരംഗത്ത് പല മികച്ച പ്രവർത്തനങ്ങളും ശക്തൻതമ്പുരാൻ കാഴ്ച വച്ചു. ശക്തൻതമ്പുരാനുശേഷം തമ്പുരാന്റെ അനന്തിരവൻ രാമവർമ്മ അധികാരമേറ്റു. ഇദ്ദേഹത്തിന്റെ പ്രധാനമന്ത്രിയായ പാലിയത്തച്ചൻ തിരുവിതാംകൂർ ദിവാൻ വേലുത്തമ്പിയുമായി ചേർന്ന് ബ്രിട്ടീഷുകാർക്ക് എതിരായി കലാപത്തിനൊരുങ്ങി. ശക്തൻ തമ്പുരാന്റെ പിൻഗാമികൾ ദുർബലരായിരുന്നു. അങ്ങനെ കൊച്ചിയുടെ പ്രതാപം അസ്തമിക്കുകയും കേണൽ മൺറോ അധികാരം പിടിച്ചടക്കുകയും ചെയ്തു.





ശക്തൻതമ്പുരാൻ

**1579**

ജസ്യൂട്ട് പാതിരിമാർ വൈപ്പിൻ കോട്ടയിലും കൊച്ചിയിലും അച്ചടിശാലകൾ സ്ഥാപിച്ചു.

**1592**

ഡച്ച് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ചു.

**1595**

കുഞ്ഞാലിമരയ്ക്കാർ നാലാമൻ സാമൂതിരിയുടെ സർവ സൈന്യാധിപൻ.

**1598**

സാമൂതിരിയെ ധിക്കരിച്ച കുഞ്ഞാലിയുടെ മരയ്ക്കാർകോട്ടയെ പോർച്ചുഗീസും സാമൂതിരിയും ആക്രമിച്ചു.

**1599**

ഉദയംപേരൂർ സൂന്നഹദോസ് (ജൂൺ 20-26)

**1600**

കീഴടങ്ങിയ കുഞ്ഞാലി മരയ്ക്കാർ നാലാമനെ സാമൂതിരി പോർച്ചുഗീസുകാർക്ക് കൈമാറി. ഗോവയിൽ വച്ച് പരസ്യമായി തൂക്കിക്കൊന്നു.

## ചില പ്രധാന സന്ധി ഉടമ്പടികൾ

**കണ്ണൂർ സന്ധി - 1513**

കോഴിക്കോട് സാമൂതിരിയും പോർട്ടുഗീസുകാരും തമ്മിലുള്ള സന്ധി.

**പൊന്നാനി സന്ധി - 1540**

കോഴിക്കോടും പോർട്ടുഗീസുകാരും തമ്മിലുള്ള ഉടമ്പടി.

**അഴീക്കോട് സന്ധി - 1661**

ഡച്ചുകാരും കോഴിക്കോട് സാമൂതിരിയും തമ്മിലുള്ള സന്ധി.

## ഉദയംപേരൂർ സുന്നഹദോസ്

കേരള ക്രൈസ്തവ സഭാ ചരിത്രത്തിലെ അതിപ്രധാനമായ സംഭവമാണ് ഉദയംപേരൂർ സുന്നഹദോസ് (1599 ജൂൺ 20 മുതൽ 26 വരെ). സിറിയൻ ക്രിസ്ത്യാനികളെ റോമിലെ പരിശുദ്ധ മാർപ്പാപ്പയുടെ ആധിപത്യത്തിൻകീഴിൽ കൊണ്ടുവരാനാണ് സൂനഹദോസ് നടന്നത്. പോർട്ടുഗീസ് ആധിപത്യത്തിൻ കീഴിലായിരുന്ന ഗോവയിലെ മെത്രാപ്പൊലീത്ത ഡോ. അലക്സ് ഡെ മെനസിസ് ആണ് ഉദയംപേരൂർ സിറിയൻ കത്തോലിക്കാ പള്ളിയിൽ സുന്നഹദോസ് വിളിച്ചുകൂട്ടിയത്. അങ്കമാലി രൂപതയുടെ കീഴിലാണ് ഉദയംപേരൂർ. 150 പട്ടക്കാരും 663 അൽമായ പ്രതിനിധികളും പങ്കെടുത്തു. കൊച്ചിയിലെ പോർച്ചുഗീസ് ഗവർണരും ഒരു സംഘം പട്ടാളക്കാരും സമ്മേളന സ്ഥലത്ത് എത്തിയിരുന്നു.

## കൂനൻകുരിശ് സത്യം

ഉദയംപേരൂർ സുന്നഹദോസിനെ തുടർന്ന് സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പോർച്ചുഗീസുകാരുടെ മതാധിപത്യം അടിച്ചേല്പിക്കുന്നതിൽ വ്യാപകമായ പ്രതിഷേധമുയർന്നു. സുന്നഹദോസിൽ സുറിയാനി ഗ്രന്ഥങ്ങൾ പരിശോധിച്ച് ചില ഗ്രന്ഥങ്ങൾ നശിപ്പിക്കുകയും ചെയ്തു. കേരള ക്രൈസ്തവ സഭയെ മാർപ്പാപ്പയുടെ അധികാരത്തിൽ കൊണ്ടുവരികയും ചെയ്തു. 54 വർഷം സുറിയാനി ക്രിസ്ത്യാനികളെ റോമാസഭയുടെ കീഴിൽ അണിനിരത്താൻ സുന്നഹദോസിലെ കാനോനകൾക്ക് സാധിച്ചു. ഈശോ സഭ വൈദികരുടെ കീഴിൽ ഇനി നിൽക്കില്ല എന്ന് സുറിയാനി ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിലെ കൂനൻ കുരിശിൽ കെട്ടിയ കയറിൽ പിടിച്ച് ശപഥം ചെയ്തു. 1653 ജനുവരി 3-ന് നടന്ന ഈ സംഭവമാണ് കൂനൻ കുരിശ് സത്യം എന്നറിയപ്പെടുന്നത്. ഇതിനെത്തുടർന്ന് സുറിയാനി ക്രിസ്ത്യാനികൾ അവരുടെ മെത്രാപ്പൊലീത്തയായി മാർത്തോമയെ അഭിഷേകം ചെയ്യുകയും ചെയ്തു.

**1604**
ഡച്ചുകാർക്ക് വാണിജ്യ സൗകര്യം.
**1615**
ഇംഗ്ലീഷ് നാവികൻ ക്യാപ്റ്റൻ കീലിംങ് കൊടുങ്ങല്ലൂരിൽ.
**1616**
ഇംഗ്ലീഷ് - സാമൂതിരി കരാർ.
**1619**
പോർച്ചുഗീസിനെതിരെ ഇംഗ്ലീഷ്-ഡച്ച് കരാർ.
**1623**
റോമാക്കാരനായ പീട്രോഡെല്ലാ വെല്ലി കോഴിക്കോട്ട്.
**1625**
മധുര തിരുമലനായ്ക്കന്റെ സേനയുമായി കണിയാംകുളത്ത് നടന്ന യുദ്ധത്തിൽ വേണാടിന്റെ പടത്തലവൻ ഇരവിക്കുട്ടിപ്പിള്ള ചതിയിൽ കൊല്ലപ്പെട്ടു. ഇതിനെക്കുറിച്ചുള്ള പ്രസിദ്ധമായ തെക്കൻപാട്ടാണ് *ഇരവിക്കുട്ടിപ്പിള്ളപ്പോര്* അഥവാ *കണിയാംകുളം പോര്.*
**1634**
കൊച്ചിയിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ പണ്ടികശാല.
**1635**
തിരുമലനായ്ക്കൻ നാഞ്ചിനാട് ആക്രമിച്ചു.
**1642**
ഡച്ച്-ചെമ്പകശ്ശേരി കരാർ.
**1644**
വിഴിഞ്ഞത്ത് ബ്രിട്ടീഷുകാർക്ക് ഫാക്ടറി സ്ഥാപിക്കാൻ വേണാട് രാജാവ് വീരരവിവർമ്മയുടെ അനുമതി.
**1647**
ഡച്ച് - വേണാട് വാണിജ്യ ബന്ധം.
**1653**
കൂനൻകുരിശ് പ്രതിജ്ഞ (ജനുവരി 3) സുറിയാനി - ലത്തീൻ-യാക്കോബായ എന്ന് ക്രിസ്തുമത വിഭജനം.
**1658**
ഡച്ചുകാർ പോർച്ചുഗീസുകാരെ സിലോണിൽ വച്ച് പരാജയപ്പെടുത്തി.
**1661**
അഴീക്കോടുവച്ച് ഡച്ച്-സാമൂതിരി സന്ധി. (ഫെബ്രുവരി 10)
**1661**
ഡച്ചുകാർ കൊല്ലം കീഴടക്കി. (ഡിസംബർ 10)
**1662**
ഡച്ചുകാർ കൊച്ചി ആക്രമിച്ചു. (ജനുവരി 1). ആഗസ്റ്റ് മാസത്തിൽ സാമൂതിരി - ഡച്ച് സഖ്യം കൊടുങ്ങല്ലൂർ കോട്ട ആക്രമിച്ചു.
**1663**
**ജനുവരി 7–** ഡച്ചുകാർ കോട്ട സാമൂതിരിക്ക് നൽകി. പോർച്ചുഗീസുകാരുടെ കൊച്ചി ഡച്ചുകാർ കീഴടക്കി.
**ഫെബ്രുവരി 13 –** പോർച്ചുഗീസുകാരിൽ നിന്ന് ഡച്ചുകാർ കണ്ണൂർകോട്ട പിടിച്ചെടുത്തു.

## ഡച്ചുകാരുടെ അധിനിവേശം

1592-ലാണ് ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി നിലവിൽ വരുന്നത്. 1604-ൽ ഡച്ചുകാർ സാമൂതിരിയുമായി വാണിജ്യ ഉടമ്പടിയുണ്ടാക്കി. പരസ്പരം ആലോചിക്കാതെ പോർച്ചുഗീസുകാരുമായി ധാരണയിലെത്താൻ പാടില്ലെന്നും വ്യവസ്ഥയുണ്ടാക്കി.

മലബാറിൽ വാണിജ്യശക്തിയായി ഉയർന്ന ഡച്ചുകാർ പിന്നീട് മധ്യകേരളത്തിലുള്ള ചെറിയ നാടുവാഴികളുമായി കരാറുണ്ടാക്കി. 1643-ൽ പുറക്കാടും കായംകുളവുമായി ഉടമ്പടി ഉണ്ടാക്കി. കായംകുളത്ത് പുതിയ പണ്ടകശാല കെട്ടി. 1658-ൽ പോർച്ചുഗീസുകാരുടെ കൊല്ലം കോട്ട പിടിച്ചെടുത്തു. കൊല്ലത്തെ റാണിയുമായി ഉണ്ടാക്കിയ ഉടമ്പടിയനുസരിച്ച് പോർച്ചുഗീസുകാരുടെ തോട്ടങ്ങളും വസ്തുവകകളും ഡച്ചുകാർക്ക് കിട്ടി.

1663-ൽ കണ്ണൂർക്കോട്ട പോർട്ടുഗീസുകാരിൽ നിന്നും പിടിച്ചെടുത്ത ഡച്ചുകാർ കോലത്തിരിയുമായി ഉടമ്പടിയുണ്ടാക്കി. 1664-ൽ ആലി രാജാവുമായി സഖ്യം ചെയ്ത് വാണിജ്യനേട്ടമുണ്ടാക്കി. 1673-ൽ കൊച്ചി രാജ്യത്തെ നിയന്ത്രണത്തിൽ കൊണ്ടുവന്നു.

കൊച്ചിയും കോഴിക്കോടുമായുള്ള യുദ്ധത്തിൽ ഡച്ചുകാർ സാമൂതിരിയുടെ പക്ഷത്തും കൊച്ചി രാജാവിന്റെ പക്ഷത്തും മാറി മാറി ചേർന്നു. 1710-ൽ യുദ്ധം അവസാനിച്ചപ്പോൾ ചേറ്റുവായും പാപ്പിനിവട്ടവും ഡച്ചുകാർ കയ്യടക്കി. 1718-ലെ സന്ധി പ്രകാരം സാമൂതിരി, ചേറ്റുവാ ദ്വീപും കൊച്ചിയിലെ പ്രദേശങ്ങളും ഡച്ചുകാർക്ക് വിട്ടുകൊടുത്തു.

1741-ൽ മാർത്താണ്ഡവർമ്മ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ തോൽപ്പിച്ചതാണ് അവരുടെ വികസന മോഹത്തിന് കടിഞ്ഞാണിട്ടത്. ഇംഗ്ലീഷ് സൈന്യം 1795-ൽ ഡച്ചുകാരുടെ കൊച്ചിക്കോട്ട പിടിച്ചടക്കി. യൂറോപ്പിൽ നെപ്പോളിയനുമായുള്ള യുദ്ധം അവസാനിച്ചപ്പോൾ ഡച്ചുകാർ തങ്ങളുടെ അധീനതയിലുണ്ടായിരുന്ന എല്ലാ പ്രദേശങ്ങളും ഇംഗ്ലീഷുകാർക്ക് വിട്ടുകൊടുത്തു.

**മാർച്ച് –** കൊച്ചി രാജാവ് വീരകേരള വർമ്മ: ഡച്ച്-ഈസ്റ്റിന്ത്യാ കമ്പനി കരാർ. കൊച്ചിയിൽ ഡച്ചുകാരുടെ മേൽക്കോയ്മ. അലക്സാണ്ടർ ഡകാംപൊ (പറമ്പിൽ ചാണ്ടി) ആദ്യത്തെ ഇന്ത്യൻ ബിഷപ്പ്. കച്ചവടാവശ്യത്തിന് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് പൊന്നാനിയിൽ ഫാക്ടറി.
**1664**
ഡച്ചുകാർക്ക് കണ്ണൂരിൽ കുരുമുളക് കച്ചവട കുത്തക. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി-സാമൂതിരി ഉടമ്പടി. കോഴിക്കോട് പണ്ടികശാല നിർമിക്കാൻ അനുമതി.
**1665**
കൊല്ലത്ത് ഡച്ച് കോട്ടകൾ.
**1673**
ഹെൻറിക് വാൻ റീഡ് കൊച്ചിയിൽ ഡച്ച് കമാൻഡറായി.
**1674**
കൊച്ചിയുമായി ഡച്ച് ഉടമ്പടി.
**1677**
തിരുവിതാംകൂർ രാജാവ് ആദിത്യ വർമ്മ (1672-77) മരിച്ചു. അനന്തിരവൾ ഉമയമ്മറാണി റീജന്റ് മഹാറാണി (1677- 84)യും കേരളവർമ്മയുടെ സൈന്യവും കൽക്കുളത്തും എടക്കോട്ടും വെച്ച് തിരുവിതാംകൂർ സേനയുമായി ഏറ്റുമുട്ടി.
**1680**
മുഗൾചക്രവർത്തിയുടെ മുകിലപ്പട തിരുവിതാംകൂറിലെ തെക്കൻ പ്രദേശങ്ങൾ കീഴടക്കി. കേരളവർമ്മയുടെ സൈന്യം മുഗൾ സർദാറിനെ തോല്പിച്ചു.
**1683**
കണ്ണൂരിലും തലശ്ശേരിയിലും ഇംഗ്ലീഷ് വ്യാപാരകേന്ദ്രങ്ങൾ.
**1684**
അഞ്ചുതെങ്ങിൽ ഫാക്ടറിക്ക് ആറ്റിങ്ങൽ റാണിയിൽ നിന്ന് ഇംഗ്ലീഷുകാർക്ക് സ്ഥലം.
**1690**
ഇംഗ്ലീഷുകാർ അഞ്ചുതെങ്ങിൽ പണ്ടികശാല പണിതു.
**1691**
ഡച്ചുകാർ സാമൂതിരിക്ക് ചേറ്റുവാ തിരികെ നൽകി.
**1695**
അഞ്ചുതെങ്ങ്കോട്ടയുടെ പണി പൂർണ്ണം. കുരുമുളക് വ്യാപാരാവകാശം ഇംഗ്ലീഷുകാർക്ക്.
**1696 ഫെബ്രുവരി 7**
മണ്ണാപ്പേടി, പുലപ്പേടി നിരോധനം. പുലയ-മണ്ണാർ പീഡനം നിർത്തലാക്കാൻ ഉണ്ണികേരളവർമ്മയുടെ വിളംബരം.
**1698**
ഡച്ച്:കൊച്ചി ഉടമ്പടി.
**1714**
ചേറ്റുവായിൽ ഡച്ച് കോട്ട.
**1715**
ചേറ്റുവാകോട്ട സാമൂതിരി പിടിച്ചെടുത്തു.
**1716**
ഡച്ചുകാർ ഇംഗ്ലീഷ് കപ്പൽ പിടിച്ചു.

## ഹോർത്തൂസ് മലബാറിക്കസ്

ഡച്ച് ഭരണാധികാരിയായിരുന്ന വാൻ റീഡിന്റെ മേൽനോട്ടത്തിൽ കേരളത്തിൽ വളരുന്ന സസ്യങ്ങളുടെ ഔഷധഗുണങ്ങൾ വിവരിക്കുന്ന ഈ കൃതി 1678-നും 1703-നും ഇടയ്ക്ക് പ്രസിദ്ധീകൃതമായി. പന്ത്രണ്ട് ഭാഗങ്ങളിലായി 794 ചിത്രങ്ങളുള്ള ഈ ഗ്രന്ഥം ആംസ്റ്റർഡാമിലാണ് പ്രസിദ്ധീകരിച്ചത്.


വാൻ റീഡ്

ഹോർത്തൂസ് മലബാറിക്കസ് ലത്തീൻ പദമാണ്. ഹോർത്തൂസ് എന്നാൽ പൂന്തോട്ടമെന്നും മലബാറിക്കസ് എന്നാൽ മലബാറിന്റെ എന്നുമാണ് അർത്ഥം. കേരളത്തിന്റെ ഉദ്യാനമെന്നാണ് ഗ്രന്ഥനാമത്തിന്റെ അർത്ഥം.

രംഗഭട്ട്, അപ്പു ഭട്ട്, വിനായക ഭട്ട് എന്നീ കൊങ്ങിണി ബ്രാഹ്മണരും ഇട്ടി അച്യുതൻ എന്ന ഈഴവ വൈദ്യനും ഇതിന്റെ രചനക്ക് സഹായം നൽകി. മാത്യൂസ് എന്ന മാർമലറ്റ് സന്യാസിയും ഇതിന്റെ രചനയുമായി ബന്ധപ്പെട്ടതായി കാണുന്നു.

ഇതിലെ സസ്യനാമങ്ങൾ ലത്തീൻ, അറബി, സംസ്കൃതം എന്നിവയ്ക്ക് പുറമെ മലയാള ലിപിയിൽ തന്നെ അച്ചടിച്ചിട്ടുണ്ട്. ആധുനിക മലയാള അച്ചടി ആദ്യമായി കാണുന്നത് ഈ പുസ്തകത്തിലാണ്. ഹോർത്തൂസ് മലബാറിക്കസിനെ 'കേരളാരാമം' എന്ന പേരിൽ കേരള സർവകലാശാല എഡിറ്റ് ചെയ്ത് പുന:പ്രസിദ്ധീകരണം ചെയ്തിട്ടുണ്ട്.

**1721 ഏപ്രിൽ 15**

ആറ്റിങ്ങൽ കലാപം.

**1722**

കടത്തനാട് രാജാവിൽ നിന്നും ഫ്രഞ്ചുകാർക്ക് പണ്ടികശാല നിർമ്മാണാനുവാദം.

**1723 ഏപ്രിൽ**

കുളച്ചലിൽ ബ്രിട്ടീഷുകാർക്ക് കോട്ട കെട്ടിക്കൊടുക്കാമെന്ന് തിരുവിതാംകൂർ രാജാവ്.

**1725**

കടത്തനാട് രാജാവിന് തോൽവി. ഫ്രഞ്ചുകാർക്ക് മാഹിയിൽ താവളം.

**1729**

ഡച്ചുകാർക്കെതിരായി പറവൂർ, തെക്കുംകൂർ, വടക്കുംകൂർ, കായംകുളം രാജാക്കൻമാരുമായി സാമൂതിരിക്ക് സഖ്യം.

**1730**

മാർത്താണ്ഡവർമ്മ ആറ്റിങ്ങൽ തിരുവിതാംകൂറിൽ ലയിപ്പിച്ചു.

**1731**

ശ്രീപത്മനാഭസ്വാമി ക്ഷേത്രം മാർത്താണ്ഡവർമ്മ പുതുക്കി പ്പണിതു.

## ആറ്റിങ്ങൽ കലാപം

ഇംഗ്ലീഷുകാർക്കെതിരെ ഇന്ത്യയിൽ നടക്കുന്ന ആദ്യ കാല കലാപങ്ങളിൽ ഒന്നാണ് 1721-ൽ നടന്ന ആറ്റി ങ്ങൽ കലാപം.

മദ്രാസിലെ താവളത്തിൽ നിന്നും യൂറോപ്യൻ കച്ചവട ക്കാർ കേരളതീരത്ത് എത്തിയതു മുതൽ അഞ്ചു തെങ്ങ് കേന്ദ്രമാക്കി കോട്ടയും കെട്ടി കച്ചവടകേന്ദ്രം തുറന്നിരുന്നു. തിരുവിതാംകൂറിലെ കച്ചവടത്തിന്റെ കുത്തക നേടിയെടുക്കാനായതോടെ പരമ്പരാഗത കച്ച വടക്കാർക്കും ഇടത്തരക്കാർക്കും ബുദ്ധിമുട്ടുകൾ ഉണ്ടായി. ആറ്റിങ്ങൽ ഭരണാധികാരികളുടെ സഹായ ത്തോടെയാണ് ഈ അവകാശങ്ങൾ ബ്രിട്ടീഷുകാർ നേടി യത്. അഞ്ചുതെങ്ങ് കോട്ട ബ്രിട്ടീഷുകാരുടെ ഭരണപ്ര ദേശമായി മാറി. 1721 ഏപ്രിൽ 15-ന് ആറ്റിങ്ങൽ റാണി ക്കുള്ള ഉപഹാരങ്ങൾ നൽകുന്നതിന് 140 ഇംഗ്ലീഷു കാർ ഗൈ ഫോഴ്സിന്റെ നേതൃത്വത്തിൽ അഞ്ചുതെ ങ്ങിൽ നിന്നും യാത്ര തിരിച്ചു. നാട്ടുകാർ ഈ ഇംഗ്ലീഷ് സംഘത്തെ ആക്രമിക്കുകയും പട്ടാളക്കാരെ വധിക്കു കയും ചെയ്തു. ക്രിസ്ത്യൻ പള്ളി നശിപ്പിക്കുകയും ചെയ്തു. ഇതിൽ കുറ്റവാളികളായി കണ്ട നാട്ടുകാരെ സന്ധിപ്രകാരം റാണി ശിക്ഷിക്കുകയും ചെയ്തു. ജന ങ്ങളുടെ ജീവിതോപാധിയായിരുന്ന സുഗന്ധദ്രവ്യ വ്യാപാരവും അവരുടെ സ്വാതന്ത്ര്യവും ബ്രിട്ടീഷുകാർ മുഖേന തടസ്സപ്പെട്ടതോടെയാണ് ഈ ആറ്റിങ്ങൽ കലാപം ഉണ്ടായത്.

## കുളച്ചൽ യുദ്ധം

ഇന്ത്യയിൽ വിദേശ നാവിക സേനയോട് ഏറ്റുമുട്ടി വിജയിച്ച ആദ്യയുദ്ധമാണ് കുളച്ചൽ യുദ്ധം.

1741-ൽ കുളച്ചൽ തുറമുഖ ത്തുവച്ച് ഡച്ചുകാരും മാർത്താ ണ്ഡ വർമ്മയും തമ്മിൽ നടന്ന യുദ്ധമാണ് കുളച്ചൽ യുദ്ധം. കന്യാകുമാരി ജില്ലയിലെ കല്ക്കുളം താലൂക്കിലാണ് ഈ സ്ഥലം.

മാർത്താണ്ഡവർമ്മയെ ധിക്കരിച്ചുകൊണ്ട് ഡച്ചുകാർ, കൊട്ടാരക്കര രാജാവിന്റെ മരണ ശേഷം ഇളയിടത്തു റാണിയെ ഇളയിടത്തു സ്വരൂപത്തിന്റെ റാണിയാക്കി. ഇത് മാർത്താ ണ്ഡ വർമ്മ പരാജയപ്പെടുത്തി. ഇതിൽ രോഷാകുലരായ ഡച്ചു കാർ സിലോണിൽ നിന്നും സായുധസേനയെ വരുത്തി കുളച്ചലിൽ താവളമടിച്ചു. മാർത്താണ്ഡവർമ്മ ഉടൻ തന്നെ സൈന്യത്തെ തെക്കോട്ടയച്ചു. യുദ്ധത്തിൽ മാർത്താണ്ഡ വർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തി. ഒട്ടേറെ ഡച്ചുകാരെ തടവുകാരായി പിടിച്ചിരുന്നു.

തടവുകാരനായി പ്രസിദ്ധ ഡച്ച് നാവികനായ ഡിലനോയ് ഉണ്ടായിരുന്നു. ഇദ്ദേഹം പിന്നീട് തിരുവിതാംകൂറിന്റെ സർവ സൈന്യാധിപനായി. കുളച്ചലി ലെ പരാജയം കേരളത്തിലെ ഡച്ച് ആധിപത്യത്തിന് ഏറ്റ മാരക പ്രഹരമായിരുന്നു. ഈ വിജയത്തോടെ ആത്മവിശ്വാസം വർധിച്ച മാർത്താണ്ഡവർമ്മ പരിഷ്കരണ നടപടികളിലൂടെ കുത്തക സമ്പ്രദായവും ജന്മിത്വ നിയന്ത്രണവും നടപ്പിലാക്കി തിരുവിതാംകൂറിനെ മുന്നോട്ടുന യിച്ചു. ഒരു വിദേശ നാവികസേ നയെ നേരിട്ടേറ്റുമുട്ടി വിജയം വരിച്ച ഈ യുദ്ധം ചരിത്ര ത്തിലെ ഒരു നാഴികക്കല്ലാണ്.

**1733**

രാജഭരണത്തിനെതിരെ ഗൂഢാലോചന ചെയ്ത എട്ടുവീട്ടിൽ പിള്ളമാരെ മാർത്താണ്ഡവർമ്മ വധിച്ചു. അവരുടെ സ്ത്രീകളെയും കുട്ടികളെയും മുക്കുവർക്ക് നൽകി.

**1734**

ചിറക്കൽ രാജാവ് ധർമപട്ടണം ഇംഗ്ലീഷുകാർക്ക് വിട്ടുകൊടുത്തു.

**1739**

തിരുവിതാംകൂറിൽ വീണ്ടും ഭൂനികുതി (മാർത്താണ്ഡവർമ്മ).

**1740**

ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയും ഇടപ്പള്ളി രാജ്യവുമായി കരാർ.

**1741 ആഗസ്റ്റ് 10**

കുളച്ചൽ യുദ്ധം. ഡച്ചുകാർക്ക് തോൽവി. സൈന്യാധിപൻ ഡിലനോയി മാർത്താണ്ഡവർമ്മയുടെ തടവിൽ.

**1742**

മാർത്താണ്ഡവർമ്മ കൊട്ടാരക്കര എളയിടത്തു സ്വരൂപത്തെ തിരുവിതാം കൂറിൽ ലയിപ്പിച്ചു.

**1744**

ഡച്ചുകാർക്ക് ബോൾഗാട്ടി ദ്വീപിൽ കൊട്ടാരം.

**1746**

പുറക്കാട്ട് യുദ്ധം. മാർത്താണ്ഡവർമ്മ കായംകുളം പിടിച്ചടക്കി.

**1749**

മാർത്താണ്ഡവർമ്മ തെക്കുംകൂർ തിരുവിതാംകൂറിനോടു ചേർത്തു.

**1750**

വൈക്കം ആസ്ഥാനമായ വടക്കുംകൂർ രാജ്യം കീഴടക്കിയ മാർത്താണ്ഡ വർമ്മ തിരുവിതാംകൂർ രാജ്യം ശ്രീപത്മനാഭന് സമർപ്പിച്ച് പത്മനാഭദാസനായി (തൃപ്പടി ദാനം).

**1752**

ഡച്ചുകാരുടെ ഏനാമാക്കൽ കോട്ട, ചേറ്റുവാകോട്ട, സാമൂതിരി കീഴടക്കി.

**1753 ആഗസ്റ്റ്**

പ്രാദേശികമായ രാഷ്ട്രീയ കിടമത്സരങ്ങളിൽ ഇടപെടില്ലെന്ന് ഡച്ച്- മാർത്താണ്ഡവർമ്മ ഉടമ്പടി (മാവേലിക്കരയിൽ).

**1754**

അമ്പലപ്പുഴ യുദ്ധം. രാമയ്യൻദളവ (1737-56) മാർത്താണ്ഡ വർമ്മയുടെ നിർദ്ദേശാനുസരണം തിരുവിതാംകൂറിൽ ആദ്യമായി ഭൂമി സർവേ പൂർത്തിയാക്കി. ഭൂനികുതി തിട്ടപ്പെടുത്തി ഉടമകൾക്ക് സ്ഥലം രജിസ്റ്റർ ചെയ്തു നൽകി.

**1755**

ഡച്ച് അധീനത്തിലിരുന്ന പാപ്പിനിവട്ടം, പറവൂർ, ആലങ്ങാട് കേന്ദ്രങ്ങൾ സാമൂതിരി പിടിച്ചെടുത്തു.

**1756**

മാർത്താണ്ഡവർമ്മയുടെ മരണം. രാമവർമ്മ (ധർമ്മരാജാ) തിരുവിതാംകൂർ രാജാവ്. മൈസൂർ സുൽത്താൻ ഹൈദ രാലിയുടെ തെക്കേമലബാർ ആക്രമണം.

## എട്ടുവീട്ടിൽ പിള്ളമാർ

വേണാട്ടിലെ എട്ട് നായർ തറവാ ടുകളിലെ കാരണവന്മാരാണ് എട്ടുവീട്ടിൽ പിള്ളമാർ. ഇവർ തിരുവിതാംകൂറിൽ രാജഭര ണത്തെ നിയന്ത്രിക്കുന്ന വിധ ത്തിൽ പ്രഭുക്കന്മാരായി മാറി.

മാർത്താണ്ഡ മഠത്തിൽ പിള്ള, രാമനാമഠത്തിൽ പിള്ള, കുള ത്തൂർ പിള്ള, കഴക്കൂട്ടത്തു പിള്ള, വെങ്ങാനൂർ പിള്ള, ചെമ്പഴന്തി പിള്ള, കുടമൺപിള്ള, പള്ളിച്ചൽ പിള്ള എന്നിവരാണ് ഈ എട്ടുവീ ട്ടിൽ പിള്ളമാർ.

രാജഭരണത്തിലുള്ള പിള്ളമാ രുടെ കൈകടത്തലുകൾ മാർത്താണ്ഡവർമ്മയെ പ്രകോ പിപ്പിച്ചിരുന്നു. ഇതിനിടയിൽ 1341 മുതൽ വേണാട് രാജകുടുംബ ത്തിൽ നിലനിന്നിരുന്ന മരുമക്ക ത്തായ സമ്പ്രദായത്തെ മാർത്താണ്ഡ വർമ്മയുടെ അമ്മാവന്റെ മക്കളായ പപ്പുത മ്പിയും കുഞ്ഞുതമ്പിയും ചോദ്യം ചെയ്യുകയും ചെയ്തി രുന്നു.

രാജഭരണം ശക്തമാക്കുന്നതി നായി മാർത്താണ്ഡ വർമ്മ എട്ടു വീട്ടിൽ പിള്ളമാരെ അമർച്ച ചെയ്യാൻ തീരുമാനിക്കുകയുണ്ടാ യി. ഇതിനേത്തുടർന്ന് രാജ്യ ദ്രോഹ കുറ്റത്തിന് വിചാരണ ചെയ്ത് പിള്ളമാരെ തൂക്കിലേറ്റി. സ്വത്ത് മുഴുവൻ രാജ്യത്തിലേക്ക് കണ്ടുകെട്ടുകയും ചെയ്തു. അവരുടെ സ്ത്രീകളെയും കുട്ടി കളെയും അരയൻമാർക്ക് കൈമാറി. ചില സ്ത്രീകൾ കട ലിൽ ചാടി മരിക്കുകയും ചെയ്തു.തിരുവിതാംകൂർ രാഷ്ട്രീ യത്തിൽ നായർ പ്രമാണിമാർക്കു ണ്ടായിരുന്ന മേൽക്കോയ്മ തകർക്കുന്നതായിരുന്നു ഈ സംഭവവികാസങ്ങൾ.

# മാർത്താണ്ഡവർമ്മ

തിരുവിതാംകൂറിനെ ആധുനികതയിലേക്ക് നയിച്ച രാജാവായിരുന്നു മാർത്താണ്ഡ വർമ്മ.

1729-ൽ തിരുവിതാംകൂർ രാജാവായി സ്ഥാനാരോഹണം ചെയ്യുമ്പോൾ മാർത്താണ്ഡ വർമ്മ യ്ക്ക് 25 വയസേ ഉണ്ടായിരുന്നുള്ളു. വേണാടിന്റെ ഭാഗമായിരുന്ന തിരുവിതാം കൂറിന്റെ വിസ്തൃതി വർധിപ്പിച്ചുകൊണ്ട് കൊച്ചി വരെയുളള പ്രദേശങ്ങൾ അദ്ദേഹം പിടിച്ചടക്കി. ആറ്റിങ്ങൽ, കായംകുളം, ദേശിങ്ങനാട്, കൊട്ടാരക്കര, ചെമ്പകശേരി, എന്നീ നാട്ടുരാജ്യങ്ങളെ തിരുവിതാംകൂറിനോട് ചേർത്തു.

1750 ജനുവരി 17-ാം തീയതി മാർത്താണ്ഡവർമ്മ ശ്രീപത്മനാഭസ്വാമി ക്ഷേത്ര ത്തിന്റെ തൃപ്പടിയിൽ തന്റെ സാമ്രാജ്യം കാഴ്ച വച്ച തായി പ്രഖ്യാപിച്ചു. രാജ്യാവകാശം ദൈവദത്തമാ ണെന്ന് പറഞ്ഞത് ജന്മിമാർക്കുള്ള താക്കീതായി മാറി.

കാർഷിക വികസനം ലക്ഷ്യമാക്കി പൊന്മന അണ, പുത്തനണ എന്നിവ നിർമ്മിച്ചു. സൈന്യ ത്തിനെ യൂറോപ്യൻ രീതിയിൽ ആക്കി. പത്മനാഭ പുരം കോട്ട, വെടിമരുന്നു കോട്ട, ഉദയഗിരിക്കോട്ട, വട്ടക്കോട്ട എന്നിങ്ങനെ പ്രധാന കേന്ദ്രങ്ങളിലെല്ലാം കോട്ടകൾ കെട്ടി. ഇംഗ്ലീഷ് കച്ചവടക്കാരുമായുണ്ടാ ക്കിയ വ്യാപാര ഉടമ്പടിയും ബന്ധവും തിരുവിതാം കൂറിനെ ആധുനികവൽക്കരിക്കുന്നതിന് സഹായിച്ചു.

1739-ൽ തിരുവിതാംകൂറിലെ ഭൂമി മുഴുവൻ ദേവ സ്വം, ബ്രഹ്മസ്വം, ദാനം, പണ്ടാരവക എന്നിങ്ങനെ വിഭജിച്ചു. എല്ലാ ഭൂവുടമകൾക്കും കൈവശമിരി ക്കുന്ന വസ്തുവിന്റെ കരം നിശ്ചയിച്ചുകൊണ്ട് പട്ടയം നൽകുകയും ചെയ്തു.

പത്മനാഭ സ്വാമിക്ഷേത്രത്തിലെ വിഗ്രഹം പുതുക്കിപ്പണിതതും ഒറ്റക്കൽ മണ്ഡപം, കിഴക്കേ ഗോപുരം പണിതതും മാർത്താ ണ്ഡവർമ്മയുടെ കാലത്താണ്. 1741-ൽ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ തോല്പിച്ചതോടെ മാർത്താണ്ഡ വർമ്മ പ്രശസ്തനായി. ഡച്ച് സൈനികനായ ഡിലനോയി യുടെ സഹായത്തോടെയാണ് സൈന്യ പരിഷ്കരണം അദ്ദേഹം നടത്തിയത്.

രാമപുരത്ത് വാര്യർ, കുഞ്ചൻ നമ്പ്യാർ എന്നിവർ മാർത്താണ്ഡവർമ്മയുടെ സദസ്യരായിരുന്നു. പത്മനാഭ പുരം കൊട്ടാരത്തിലെ ചിത്രപ്പ ണികളും ശില്പവൈവിധ്യവും അദ്ദേഹത്തിന്റെ കാലത്ത് കലയ്ക്ക് ലഭിച്ച പ്രോത്സാഹന ത്തിന് തെളിവാണ്.

### മുറജപം

യുദ്ധം, വധം എന്നിവയുടെ പ്രാय ശ്ചിത്തമായും രാജ്യത്തിന്റെ ഐശ്വ ര്യത്തിനും വേണ്ടി പുരാണത്തിൽ കാർത്തവീര്യാർജ്ജുനൻ അനു ഷ്ഠിച്ച മുറജപം, ഭദ്രദീപം എന്നിവ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ചെയ്യണമെന്ന് മാർത്താണ്ഡവർമ്മ തീരുമാനിച്ചു. അതനുസരിച്ച് ആറാഴ്ച മുറജപവും അവസാന ദിവസം ലക്ഷം ദീപങ്ങൾ കത്തി ക്കുക എന്ന ചടങ്ങും നടത്തി. 1750-ലാണ് ആദ്യമായി നടന്നത്. ഏറ്റവും ഒടുവിലത്തെ മുറജപം 2008 ജനുവരിയിൽ ആയിരുന്നു.

### തൃപ്പടിദാനം

1750 ജനുവരി 18-ന് ബുധനാഴ്ച രേവതി നക്ഷത്രത്തിൽ മാർത്താണ്ഡവർമ്മ തിരുവിതാം കൂർ രാജ്യം ശ്രീപത്മനാഭ സ്വാമിക്ക് സർവ്വസ്വദാനമായി സമർപ്പിച്ചു. ദേവാർപ്പിതമായ പാവനനിയോഗം എന്ന നിലയ്ക്ക് താൻ രാജ്യഭരണം നടത്തുന്നു എന്നായിരുന്നു 'തൃപ്പടിദാന'ത്തിന്റെ ഉദ്ദേശം. രാജകീയ ഖഡ്ഗം ശ്രീപത്മ നാഭസ്വാമി ക്ഷേത്രത്തിലെ ദേവപ്രതിഷ്ഠയ്ക്ക് മുന്നിൽ കാഴ്ച വച്ച് ദേവന്റെ കിങ്കരനെന്ന നിലയിൽ അതു തിരികെ വാങ്ങുക എന്നതാണ് ചടങ്ങ്. തൃപ്പടിദാന ത്തിന്റെ സ്മരണക്കുവേണ്ടി ആണ്ടുതോറും മാർച്ച് - ഏപ്രിൽ മാസങ്ങളിൽ പൈങ്കുനി ഉത്സവം നടത്താൻ മാർത്താണ്ഡവർമ്മ ഏർപ്പാടു ചെയ്തു.

**1757 ജനുവരി 25**

സാമൂതിരിയുടെ ആക്രമണത്തിനെതിരെ കൊച്ചി-തിരുവിതാംകൂർ ഉടമ്പടി.

**1758**

ഹൈദരാലി പാലക്കാട് ആക്രമിച്ചു. സാമൂതിരി:ഡച്ച് സഖ്യം.

**1760**

കൊച്ചി:തിരുവിതാംകൂർ സന്ധി.

**1766**

തിരുവിതാംകൂറിന് കർണാടക നവാബിന്റെ സാമന്ത പദവി. തിരുവിതാംകൂർ അഞ്ചൽ സർവ്വീസിന് തുടക്കം.

**മെയ് 19**: ഹൈദരാലി പാലക്കാട് കീഴടക്കി. പാലക്കാട് കോട്ട നിർമിച്ചു. ഹൈദരാലി കോഴിക്കോട് കീഴടക്കി.

**1768**

കേരളത്തിൽനിന്ന് ഹൈദറുടെ സേന പിൻമാറി.

**1771**

ആലിരാജാവ് കണ്ണൂർകോട്ട (അറയ്ക്കൽ) വാങ്ങി.

**1778**

കൊടുങ്ങല്ലൂർ യുദ്ധത്തിൽ ഹൈദർ ഡച്ചുകാരെ തോൽപ്പിച്ചു.

**1779**

ബ്രിട്ടീഷുകാർ മയ്യഴി പിടിച്ചെടുത്തു.

**1782**

ടിപ്പു മൈസൂർ സുൽത്താൻ.

**1784 മാർച്ച് 11**

ഇംഗ്ലീഷ്-ടിപ്പു മംഗലാപുരം സന്ധി.

**1785**

തിരുവിതാംകൂർ ദിവാൻ രാജാ കേശവദാസൻ ആലപ്പുഴ പട്ടണം സ്ഥാപിച്ചു.

**1788 ആഗസ്റ്റ് 12**

ടിപ്പുവിനെതിരെ തിരുവിതാംകൂറിനെ സഹായിക്കാൻ ഇംഗ്ലീഷുകാരുടെ സഖ്യം.

**1789**

ടിപ്പു മലബാർ ആക്രമിച്ചു.

**ജൂലൈ 31**

ധർമ്മരാജാവ് ഡച്ച്കാരിൽ നിന്ന് കൊടുങ്ങല്ലൂർ, ആയ്ക്കോട്ട (പള്ളിപ്പുറം കോട്ട) വിലയ്ക്കുവാങ്ങി.

**സെപ്തംബർ 22**

ദളവയ്ക്കുപകരം ദിവാൻ എന്ന സ്ഥാനപ്പേരോടെ തിരുവിതാം കൂറിൽ കേശവപിള്ളയ്ക്ക് നിയമനം (രാജാ കേശവദാസൻ).

# ഹൈദരാലിയുടെ ആക്രമണങ്ങൾ

കേരളത്തിലെ രാജാക്കന്മാരുടെ പര സ്പര വൈരം ഹൈദരാലിക്ക് കേരളം ആക്രമിക്കാൻ വളരെയേറെ പ്രേരണ യേകി. 1756-ൽ സാമൂതിരി പാലക്കാട് രാജാവിന്റെ പ്രദേശം പിടിച്ചെടുത്ത പ്പോൾ രാജാവിന്റെ അഭ്യർഥനപ്രകാരം മൈസൂർ സൈന്യം സാമൂതിരിയെ തോൽപ്പിച്ചു. 1761-ൽ ഹൈദരാലി കേര ളത്തിന്റെ വടക്കൻ അതിർത്തിയിലെ ത്തി. കണ്ണൂരിലെ ആലി രാജാവ് ക്ഷണിച്ചതനുസരിച്ച് 1766-ൽ 12,000 സൈനികരോടൊപ്പം ഹൈദരാലി ഉത്തര കേരളത്തിലെത്തുകയും കോല ത്തിരിയുടെ കൊട്ടാരം പിടിച്ചെടുക്കു കയും ചെയ്തു. തുടർന്ന് കോട്ടയവും കടത്തനാടും കീഴടങ്ങി. കുറുമ്പ്രനാട് എത്തിയ ഹൈദരാലിയെ കീഴടക്കാൻ കഴിയാതെ സാമൂതിരി ആത്മഹത്യ ചെയ്തു. കോഴിക്കോട്ട് നായർ സൈന്യം മൈസൂർ സൈന്യത്തെ എതിർത്തു. കോട്ടയത്തും കലാപങ്ങൾ ഉയർന്നു. ഹൈദർക്ക് വർഷം തോറും കപ്പം കൊടുക്കാമെന്ന് പുതിയ സാമൂ തിരി ഉറപ്പ് നൽകി. 1768-ൽ മൈസൂർ സൈന്യം കേരളത്തിൽ നിന്നും പിൻവാങ്ങി. 1773-ൽ താമരശേരി ചുരം വീണ്ടും മലബാറിലെത്തി. മൈസൂർ സേന തൃശൂരും ചേറ്റുവാക്കോട്ടയും പാപ്പിനിവട്ടവും കൊടുങ്ങല്ലൂർ ദേശവും കീഴടക്കി. തിരുവിതാംകൂർ ആക്രമിക്കാനുള്ള മൈസൂർ സേന യുടെ ആക്രമണം നെടുങ്കോട്ട കാരണം തടസ്സപ്പെട്ടു. ആക്രമണം മുന്നിൽക്കണ്ട് തിരുവിതാംകൂർ ദിവാൻ രാജാ കേശവദാസൻ നിർമ്മിച്ചതായി രുന്നു ഈ നെടുങ്കോട്ട.

ഇംഗ്ലീഷ്-ഫ്രഞ്ച് യുദ്ധങ്ങളിൽ ഹൈദ രാലി ഫ്രഞ്ചുകാരുടെ പക്ഷം പിടിച്ചു. തലശ്ശേരിയിൽ താവളമടിച്ച ഇംഗ്ലീഷു കാർ സാമൂതിരിയുടെയും കോട്ടയം രാജാവിന്റെയും സഹായത്തോടെ തല ശേരി രക്ഷിച്ച് മയ്യഴി പിടിച്ചെടുത്തു. ഇത് ഹൈദരാലിക്ക് ശക്തിക്ഷയമുണ്ടാ ക്കി. മൈസൂറിന്റെ ആധിപത്യം പാല ക്കാട് മാത്രമായി ഒതുങ്ങി.

**ഡിസംബർ 29**

തിരുവിതാംകൂറിന്റെ നെടുങ്കോട്ട ടിപ്പു ആക്രമിച്ചു.

**1790 മാർച്ച് 2**

ടിപ്പു രണ്ടാം തവണ തിരുവിതാംകൂർ ആക്രമണം തുടങ്ങി. നെടുങ്കോട്ട തകർത്തു. കാലവർഷത്തിൽ പെരിയാർ കരകവിഞ്ഞൊഴുകിയത് ടിപ്പുവിന്റെ സൈന്യനീക്കം തടഞ്ഞു.

**ഡിസംബർ**

മേജർ ജനറൽ ആബർ ക്രോംബിയുടെ ബ്രിട്ടീഷ് സേന കണ്ണൂർ കോട്ട തകർത്തു. അറയ്ക്കൽ ബീവി കീഴടങ്ങി. അറയ്ക്കൽ രാജവംശത്തിന്റെ അന്ത്യം.

**1790**

ശക്തൻതമ്പുരാൻ കൊച്ചി രാജാവ്.

**1791**

കൊടുങ്ങല്ലൂർ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക്. ശക്തൻ തമ്പുരാൻ - ബ്രിട്ടീഷ് സഖ്യം.

**1792 മാർച്ച് 18**

ശ്രീരംഗം ഉടമ്പടി. ടിപ്പു കീഴടക്കിയ മലബാർ ദേശങ്ങൾ ബ്രിട്ടീഷ് അധീനതയിൽ. കോഴിക്കോട്ട് ബ്രിട്ടീഷുകാർ കോടതി സ്ഥാപിച്ചു.

**1792 – 99**

മലബാറിൽ കാർഷിക ലഹളകൾ.

**1793 – 97**

ഒന്നാം പഴശ്ശി വിപ്ലവം

**1797**

ബ്രിട്ടീഷ് - പഴശ്ശി സമാധാന സന്ധി

**1798**

തിരുവിതാംകൂർ രാജാവ് രാമവർമ്മ ധർമ്മരാജാ അന്തരിച്ചു.

**1799 മെയ് 21**

മലബാർ ജില്ല മദ്രാസ് പ്രവിശ്യയുടെ ഭാഗമായി.

**1801**

വേലുത്തമ്പി തിരുവിതാംകൂർ ദളവ.

**നവംബർ**

പഴശ്ശിരാജായുടെ മുഖ്യപടനായകൻ കണ്ണോത്ത് ശങ്കരൻ നമ്പ്യാരെ ബ്രിട്ടീഷ് പട്ടാളം വധിച്ചു.

**1802 ഒക്ടോബർ**

പഴശ്ശിയുടെ സൈന്യം പനമരം കോട്ട പിടിച്ചു.

**1805 ജനുവരി 12**

വേലുത്തമ്പിയുടെ താൽപര്യപ്രകാരം ബാലരാമവർമ്മ മഹാരാജാവ് (1798 - 1811) - ഇംഗ്ലീഷ് കമ്പനി ഉടമ്പടി.

**നവംബർ 30**

ബ്രിട്ടീഷുകാർ കേരളവർമ്മ പഴശ്ശിരാജയെ വധിച്ചു. കൊച്ചിരാജാവ് രാമവർമ്മ ശക്തൻതമ്പുരാൻ അന്തരിച്ചു.

**1806**

സാമൂതിരി രാജവംശം ഇംഗ്ലീഷുകാരുടെ പെൻഷൻകാർ.

കേരളത്തിൽ ലണ്ടൻ മിഷൻ സഭയ്ക്ക് തുടക്കം.

## ടിപ്പുവിന്റെ ആക്രമണങ്ങൾ



നാട്ടുരാജാക്കന്മാരുടെ കലഹങ്ങൾ ഹൈദരാലിയുടെ മകൻ ടിപ്പു സുൽത്താനെയും ഇങ്ങോട്ടേക്ക് ആകർഷിക്കുകയുണ്ടായി. ഹൈദരാലിയുടെ മരണ (1782) ത്തിനു ശേഷം വലിയൊരു സൈന്യവുമായിട്ടാണ് ടിപ്പു സുൽത്താൻ കേരളത്തിലെത്തിയത്. മൈസൂർ കടുവ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

ടിപ്പുവിന്റെ കാലമായപ്പോഴേക്കും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ സാമ്രാജ്യത്വത്തിന് അടിത്തറയിട്ടു കഴിഞ്ഞിരുന്നു. ദക്ഷിണേന്ത്യയിൽ പിടിമുറുക്കുന്നതിന് ടിപ്പുവിന്റെ പതനം ഇംഗ്ലീഷുകാർക്ക് അത്യാവശ്യമായിരുന്നു.

പ്രധാനമായും ടിപ്പുസുൽത്താൻ കേരളത്തിൽ പോരാടിയത് പഴശ്ശി രാജയോടും ബ്രിട്ടീഷുകാരോടും ആയിരുന്നു. സാമൂതിരി രാജവാഴ്ച ടിപ്പുവിന്റെ പടയോട്ടത്തിലൂടെയാണ് അവസാനിച്ചത്. ടിപ്പുവിന് മുന്നിൽ കീഴടങ്ങിയ കോലത്തിരി രാജാവിനെ വധിച്ച് കെട്ടിത്തൂക്കുകയാണ് ഉണ്ടായത്. പെരിയാറിന് വടക്ക് മുതൽ മലബാർ മുഴുവനായും ടിപ്പു പിടിച്ചടക്കിയിരുന്നു.

എന്നാൽ ടിപ്പുവിന് നെടുങ്കോട്ട തകർക്കാനായെങ്കിലും തിരുവിതാംകൂർ ആക്രമിക്കാൻ കഴിഞ്ഞില്ല. പെരിയാറ്റിലുണ്ടായ തടയണ പൊട്ടിച്ച് കൃത്രിമ വെള്ളപ്പൊക്കം ഉണ്ടാക്കി ടിപ്പുവിനെയും സൈന്യത്തെയും തടയുകയായിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു.

ടിപ്പു സുൽത്താൻ മറ്റ് മതങ്ങളോട് അസഹിഷ്ണുത പുലർത്തിയിരുന്നതായി പറയുന്നുണ്ട്. 1782 മുതൽ 1799 വരെയായിരുന്നു ടിപ്പു സുൽത്താന്റെ ഭരണകാലം.

## പഴശ്ശി വിപ്ലവം

1793 - നും 1797 - നും ഇടയ്ക്ക് നടന്ന കലാപങ്ങൾ 'ഒന്നാം പഴശ്ശി വിപ്ലവം' എന്നും 1800 മുതൽ 1805 വരെ നീണ്ട രണ്ടാം പ്രക്ഷോഭം 'രണ്ടാം പഴശ്ശി വിപ്ലവം' എന്നുമറിയപ്പെടുന്നു. മാവിലാത്തോട്ടിൻകരയിൽ വച്ച് 1805 നവംബർ മുപ്പതിന് ഉണ്ടായ പോരാട്ടത്തിൽ പഴശ്ശി രാജ മരണപ്പെട്ടു.

ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രക്ഷോഭം സംഘടിപ്പിച്ച വയനാട്ടിലെ കോട്ടയം രാജകുടുംബത്തിലെ അംഗമായിരുന്നു പഴശ്ശിരാജ എന്ന കേരളവർമ്മ. 18-ാം ശതകത്തിന്റെ മധ്യത്തിലാണ് പഴശ്ശിരാജയുടെ ജനനം. വടക്കൻ 'കോട്ടയം' ആയിരുന്നു രാജകുടുംബം. പുരളീശന്മാർ എന്നും ഈ വംശക്കാരെ വിളിച്ചിരുന്നു. പുരളിമല ഇവരുടേതായിരുന്നു. 'കേരളസിംഹം' എന്നാണ് സർദാർ കെ.എം. പണിക്കർ ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്.

ഇംഗ്ലിഷുകാരും ഹൈദറുമായുള്ള യുദ്ധത്തിൽ 1780 കാലത്ത് പഴശ്ശിത്തമ്പുരാൻ ഇംഗ്ലിഷുകാരെ സഹായിച്ചു. പില്കാലത്ത് ടിപ്പുവിനെതിരായും തമ്പുരാൻ ഇംഗ്ലിഷുകാരെ സഹായിക്കുകയുണ്ടായി.

പഴശ്ശി വിപ്ലവത്തിന്റെ പ്രധാന കാരണം ബ്രിട്ടീഷുകാരുടെ തെറ്റായ നികുതിനയമായിരുന്നു. കോട്ടയത്തിന്റെ ഭരണാധികാരി കേരളവർമ്മ പഴശ്ശിരാജ ആയിരുന്നു എങ്കിലും കോട്ടയത്തെ നികുതി പിരിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ ബ്രിട്ടീഷുകാർ വിലക്കിയിരുന്നു. ആ ചുമതല കുറുമ്പ്രനാട്ടു രാജാവിനെ (1793-ൽ) അവർ ഏൽപ്പിച്ചിരുന്നു. ഇതിൽ കുപിതനായ കേരളവർമ്മ കോട്ടയത്തെ ഇംഗ്ലീഷുകാരുടെ നികുതി സംഭരണം നിർത്തിവയ്പിച്ചു. ഇതിനും പുറമേ ടിപ്പുവിന്റെ പിൻവാങ്ങലിനുശേഷം ഇംഗ്ലീഷുകാർ പഴശ്ശിരാജായുടെ രാജ്യം അദ്ദേഹത്തിന്റെ അമ്മാവന് പാട്ടത്തിന് കൊടുത്തു. ഇതും അദ്ദേഹത്തെ ചൊടിപ്പിച്ചു. കോട്ടയത്തെ നികുതിപ്പിരിവ് നിർത്തി പഴശ്ശി ബ്രിട്ടീഷ് അധികാരികളെ വെല്ലുവിളിച്ചു. നികുതിപ്പിരിവ് ഊർജ്ജിതമാക്കാൻ ബ്രിട്ടീഷുകാർ പട്ടാളത്തെ കോട്ടയം ബസാറിൽ നിയോഗിച്ചു. പഴശ്ശിരാജയെ തടവിലാക്കാൻ അവർ ശ്രമം തുടങ്ങി. അതിന് കഴിയാതെ വന്നപ്പോൾ അവർ അദ്ദേഹത്തിന്റെ വീട് കൊള്ളയടിച്ചു.

ഒളിപ്പോരിൽ പ്രഗത്ഭനായിരുന്ന പഴശ്ശിരാജ വയനാടൻ മലകളിൽ താവളമടിച്ചു. ബ്രിട്ടീഷുകാർക്കെതിരെ പോരാട്ടം ആരംഭിച്ചു. 1100-ഓളം വരുന്ന ബ്രിട്ടീഷ് പട്ടാളത്തെ പതിയിരുന്നാക്രമിക്കാനും വധിക്കാനും നായർ, കുറിച്യർ പടയാളികളുടെ സൈന്യം അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. തുടർന്ന് മുംബൈയിലെ ഗവർണ്ണർ ചിറയ്ക്കൽ രാജാവിനെ ഇടനിലക്കാരനാക്കി യുദ്ധം അവസാനിപ്പിച്ചു. 1800-ൽ പഴശ്ശിരാജാ വീണ്ടും കലാപം ആരംഭിച്ചു. വയനാട് കീഴടക്കാനുള്ള ബ്രിട്ടീഷുകാരുടെ മോഹമാണ് പ്രസ്തുത കലാപത്തിന് കളമൊരുക്കിയത്. ഈ കലാപത്തെ ബ്രിട്ടീഷ് സൈന്യം ശക്തമായി നേരിട്ടു. രാജായുടെ വിശ്വസ്തരായ അനുയായികളെ അവർ തന്ത്രപൂർവം കെണിയിലാക്കി. പുൽപ്പള്ളി വനത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന പഴശ്ശിയുടെ സൈന്യത്തെ പിന്തുടരുകയും മാവിലാത്തോട്ടിൻകരയിൽ വച്ച് 1805 നവംബർ 30-ന് ഉണ്ടായ പോരാട്ടത്തിൽ പഴശ്ശിരാജ മരണപ്പെടുകയും ചെയ്തു.

ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ പോരാടി വീരമൃത്യു വരിച്ച പഴശ്ശിരാജായുടെ ശവകുടീരം വയനാട്ടിലെ മാനന്തവാടിയിലാണ് സ്ഥിതിചെയ്യുന്നത്.



പഴശ്ശിരാജായുടെ ശവകുടീരം

**1809 ജനുവരി 11**

ബ്രിട്ടീഷുകാർക്കെതിരെ വേലുത്തമ്പി ദളവയുടെ കുണ്ടറ വിളംബരം.

**1809 ഫെബ്രുവരി**

ബ്രിട്ടീഷുകാർക്ക് കീഴടങ്ങിയ പാലിയത്തച്ചനെ നാടുകടത്തി.

**മാർച്ച് 29**

വേലുത്തമ്പി മണ്ണടി ക്ഷേത്രത്തിൽ വച്ച് ആത്മഹത്യ ചെയ്തു.

**ഏപ്രിൽ 10**

വേലുത്തമ്പിയുടെ സഹോദരൻ പത്മനാഭൻ തമ്പിയെ ബ്രിട്ടീഷുകാർ കൊല്ലത്ത് തൂക്കിക്കൊന്നു.

**1810**

കേണൽ മൺറോ തിരുവിതാംകൂർ, കൊച്ചി റസിഡന്റ്. തിരുവിതാംകൂർ മഹാരാജാവ് ബാലരാമവർമ്മ അന്തരിച്ചു. ഗൗരി ലക്ഷ്മീഭായി ഭരണത്തിൽ.

**1811**

ദേവസ്വങ്ങൾ സർക്കാർ ഏറ്റെടുത്തുകൊണ്ട് റാണി ഗൗരി ലക്ഷ്മീഭായിയുടെ (1810 - 15) ഉത്തരവ്.

**1812**

കുറിച്യർ ലഹള. വയനാട്ടിലെ കുറിച്യരും കുറുമ്പരും നടത്തിയ കലാപം ബ്രിട്ടീഷ് സേന അടിച്ചമർത്തി.

**1812**

റാണി ഗൗരിലക്ഷ്മീഭായി കേണൽ മൺട്രോയുടെ മേൽനോട്ടത്തിൽ *ചട്ടവരിയോല* എന്ന പേരിൽ നിയമങ്ങൾ ക്രോഡീകരിച്ച് വിളംബരപ്പെടുത്തി. തിരുവിതാംകൂറിൽ ആദ്യമായി കോടതികൾ സ്ഥാപിച്ചു. തിരുവിതാംകൂറിലെ സന്ദേശവാഹിനിക്ക് അഞ്ചൽ എന്നു പേര്.

**ഡിസംബർ 5**

തിരുവിതാംകൂറിൽ അടിമ സമ്പ്രദായം അവസാനിപ്പിച്ചു.

**1813**

തിരുവിതാംകൂറിലെ ക്രിസ്ത്യൻ ചാന്നാർ സ്ത്രീകൾക്ക് ചട്ട ധരിക്കാൻ അവകാശം നൽകി ദിവാൻ മൺറോയുടെ ഉത്തരവ്.

**1815**

റാണി ഗൗരിലക്ഷ്മീഭായി അന്തരിച്ചു. ഗൗരിപാർവതിഭായി അധികാരത്തിൽ.

**1817**

കൊച്ചിയിൽ നഞ്ചപ്പയ്യ ദിവാൻ.

**1821**

ബെഞ്ചമിൻ ബെയ്‌ലിയുടെ നേതൃത്വത്തിൽ ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.) കോട്ടയത്ത് അച്ചുകൂടം ആരംഭിച്ചു. കൊച്ചിയിൽ അടിമ ദണ്ഡന നിരോധനം.

**1825**

ഇടപ്പള്ളിത്തമ്പുരാൻ രാജ്യം തിരുവിതാംകൂറിൽ ലയിപ്പിച്ചു.

**1829**

ഒന്നാം ചാന്നാർലഹള. ചാന്നാർ സ്ത്രീകൾക്ക് കുപ്പായം ധരിക്കാം, മേൽമുണ്ട് പാടില്ലെന്ന് സർക്കാർ വിളംബരം.

**1830**

ഹജൂർ കച്ചേരി കൊല്ലത്തുനിന്ന് തിരുവനന്തപുരത്തേക്ക്.

**1834**

തിരുവനന്തപുരത്ത് സർക്കാർ വക ഇംഗ്ലീഷ് സ്കൂളും അച്ചുകൂടവും.

**1836**

തിരുവിതാംകൂറിൽ ആദ്യ കാനേഷുമാരി.

## പാലിയത്തച്ചന്റെ നാടുകടത്തൽ

കൊച്ചി രാജാക്കന്മാരുടെ മന്ത്രിമാരെയാണ് പാരമ്പര്യമായി പാലിയത്തച്ചൻ എന്ന് വിളിക്കുന്നത്. ചേന്ദമംഗലമായിരുന്നു ഇവരുടെ ആസ്ഥാനം. തിരുവിതാംകൂറിൽ വേലുത്തമ്പി ദളവയുടെ കലാപത്തിനെ പാലിയത്തച്ചൻ പിന്തുണച്ചു. 1808 ഡിസംബറിൽ ബ്രിട്ടീഷ് റസിഡന്റായ മെക്കാളെയെ വധിക്കാൻ വേലുത്തമ്പി ദളവയും പാലിയത്തച്ചനും നടത്തിയ ശ്രമം പരാജയപ്പെട്ടു. ബ്രിട്ടീഷ് റസിഡന്റുമായി ശത്രുതയിലായിരുന്ന പാലിയത്തച്ചൻ വേലുത്തമ്പിയുമായി ചേർന്ന് പോരാടുകയായിരുന്നു. ഇതു മനസ്സിലാക്കിയ ബ്രിട്ടീഷുകാർ പാലിയത്തച്ചനെ കീഴടക്കുകയും 1809 ഫെബ്രുവരി 27-ന് നാടു കടത്തുകയും ചെയ്തു.



## 200 വർഷം കഴിഞ്ഞ കുണ്ടറ വിളംബരം

തിരുവിതാംകൂറിലെ ദളവയായിരുന്ന വേലുത്തമ്പി ദളവ 1809 ജനുവരി 11-ന് കുണ്ടറയിൽ നടത്തിയ വിളംബരമാണ് കുണ്ടറ വിളംബരം. കപ്പം കൃത്യമായി കൊടുക്കാത്തത് വേലുത്തമ്പിയുടെ അലസത കൊണ്ടാണെന്നും അതുകൊണ്ട് ദളവയെ നീക്കം ചെയ്യണമെന്നും തിരുവിതാംകൂർ റസിഡന്റായ മെക്കാളെ ആവശ്യപ്പെട്ടു. പ്രകോപിതനായ വേലുത്തമ്പി ബ്രിട്ടീഷുകാരെ തുരത്താൻ ശ്രമിച്ചു.

തിരുവിതാംകൂർ ബ്രിട്ടീഷുകാരാൽ വഞ്ചിക്കപ്പെടുന്നുവെന്നും ബ്രിട്ടീഷ് ഭരണം രാജ്യത്തിന് അനേകം കഷ്ടനഷ്ടങ്ങൾ വരുത്തി വച്ചെന്നും വേലുത്തമ്പി ജനങ്ങളെ അറിയിച്ചു. ഈ പ്രഖ്യാപനമാണ് കുണ്ടറ വിളംബരം എന്ന പേരിൽ വിഖ്യാതമായത്. തുടർന്ന് നടന്ന സമരത്തിൽ ദളവ പരാജയപ്പെട്ടെങ്കിലും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ ആദ്യകാല നേതാക്കളിൽ ഒരാളായി വേലുത്തമ്പി ദളവ ഗണിക്കപ്പെടുന്നു.

തിരുവിതാംകൂറിന്റെ ചരിത്രത്തിലും കേരള ചരിത്രത്തിലാകെയും തിളങ്ങി നിൽക്കുന്ന ചരിത്രപുരുഷനാണ് വേലായുധൻ ചെമ്പകരാമൻ തമ്പി എന്ന വേലുത്തമ്പി. 1802-1809 വരെ തിരുവിതാംകൂറിലെ ഏറ്റവും ഉയർന്ന ഔദ്യോഗിക പദവിയായ ദളവ സ്ഥാനത്ത് പ്രവർത്തിച്ചു.

## ചാന്നാർ ലഹള

ചാന്നാർ സമുദായത്തിൽപ്പെട്ട സ്ത്രീകൾക്ക് സവർണജാതിയിൽപ്പെട്ട ഹിന്ദുസ്ത്രീകളെപ്പോലെ വസ്ത്രധാരണം നടത്തുന്നതിനുള്ള അവകാശം നേടിയെടുക്കുന്നതിന് വേണ്ടി നടന്ന ഐതിഹാസികമായ സമരമാണിത്. 1822-ൽ കൽക്കുളത്തു വച്ചാണ് ലഹള തുടങ്ങിയത്. മാറുമറച്ച് കൽക്കുളം ചന്തയിലെത്തിയ ചാന്നാർ സ്ത്രീകളെ സവർണ്ണർ ആക്രമിക്കുകയും അവരുടെ കുപ്പായം വലിച്ചുകീറുകയും ചെയ്തു. 1829 ജനുവരി ഏഴിന് കുമാരപുരത്ത് ചാന്നാർ സ്ത്രീകളെ നഗ്നരാക്കി വഴിനടത്തി. ഇതിനേത്തുടർന്ന് കലാപം രൂക്ഷമായി. സ്വസ്തനങ്ങൾ ഛേദിച്ച് ഈ അനീതിക്കെതിരെ പോരാടാൻ ചാന്നാർ സ്ത്രീകൾ തന്റേടം കാട്ടി.

1829-ൽ ക്രിസ്ത്യാനികളായ ചാന്നാർ സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള അവകാശം ലഭിച്ചു. 1859 ജൂലൈ 26-ന് ഹിന്ദുക്കളായ ചാന്നാർ സ്ത്രീകൾക്കും മാറുമറയ്ക്കാനുള്ള അവകാശം നൽകിക്കൊണ്ട് ഉത്രം തിരുനാൾ മഹാരാജാവിന്റെ സുപ്രസിദ്ധമായ വിളംബരമുണ്ടായി.

## തിരുവിതാംകൂർ രാജാക്കൻമാർ

| | |
|---|---|
| **മാർത്താണ്ഡവർമ്മ (അനിഴം തിരുനാൾ)** | **1729-1758** |
| **കാർത്തിക തിരുനാൾ രാമവർമ്മ** | **1758-1798** |
| **അവിട്ടം തിരുനാൾ ബാലരാമവർമ്മ** | **1798-1811** |
| **ആയില്യം തിരുനാൾ ഗൗരി ലക്ഷ്മിഭായി** | **1811 -1815** |
| **ഗൗരി പാർവ്വതി ഭായി (റീജന്റ്)** | **1815-1829** |
| **സ്വാതി തിരുനാൾ രാമവർമ്മ** | **1829-1847** |
| **ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ** | **1847-1860** |
| **ആയില്യം തിരുനാൾ രാമവർമ്മ** | **1860-1880** |
| **വിശാഖം തിരുനാൾ രാമവർമ്മ** | **1880-1885** |
| **ശ്രീമൂലം തിരുനാൾ രാമവർമ്മ** | **1885-1924** |
| **പൂരാടം തിരുനാൾ സേതുലക്ഷ്മിഭായി** | **1924-1931** |
| **ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ** | **1931-1949** |